(എ) ഈ സർക്കാർ അധികാരമേറ്റപ്പോൾ സംസ്ഥാനത്തെ വ്യാവസായിക വളർച്ചാനിരക്ക് എത്ര ശതമാനം ആയിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ ഓരോ സാമ്പത്തിക വർഷവും എത്ര ശതമാനം വളർച്ചാനിരക്ക് കൈവരിക്കാനായി എന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിലെ വ്യാവസായിക വളർച്ചാനിരക്ക് ദേശീയ ശരാശരിക്ക് ഒപ്പം എത്താൻ സാധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1996 -97-ൽ സംസ്ഥാനത്തെ വ്യാവസായിക വളർച്ചാനിരക്ക് 7.01% ആയിരുന്നു.

(ബി)

വർഷം		വളർച്ചാ നിരക്ക് (ശതമാനം)
1996 - 97	-	7. 01
1997 - 98	-	18. 92
1998 - 99	-	16. 28
1999 - 2000	-	16. 36

(സി) 1998-99, 1999-2000 വർഷങ്ങളിൽ ദേശീയ വളർച്ചാനിരക്ക് യഥാക്രമം 8.5%-ഉം 9.1%-ഉം ആയിരുന്നപ്പോൾ കേരളത്തിന്റേത് യഥാക്രമം 16.28%-ഉം 16.36%- ഉം ആയിരുന്നു.

വ്യവസായ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ പദ്ധതികൾ

132 (1398) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. മുരളി :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ മേഖലയിൽ ആഗോളവൽക്കരണത്തെ നേരിട്ട് ലാഭം നേടുന്നതിന് പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇതുമൂലം പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾക്കുണ്ടായ പ്രവർത്തന പുരോഗതി എന്തെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പീഡിത പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കും, വിപുലീകരണത്തിനുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ ഉല്പന്ന വൈവിദ്ധ്യവത്ക്കരണം, സാങ്കേതിക വിദ്യയുടെ നവീകരണം, വി.ആർ.എസ്. മുതലായ പദ്ധതികൾ മുഖേന ലാഭത്തിലാക്കാൻ കഴിയുന്ന നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ മാനേജ്മെന്റിനെ ശക്തിപ്പെടുത്തിയും, ഡയറക്ടർ ബോർഡിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തിയും പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായം നൽകിയും, ബാങ്കുകളുമായും മറ്റു ധനകാര്യ സ്ഥാപനങ്ങളുമായും ഒ.റ്റി.എസ്. നടപ്പിലാക്കിയും, ബാങ്ക് വായ്പകൾക്ക് ഗ്യാരന്റി നൽകിയും സർക്കാർ ഈ കമ്പനികളെ ആഗോളതലത്തിലുള്ള മത്സരത്തെ നേരിടത്തക്കവിധത്തിൽ മത്സരം സജ്ജമാക്കാൻ ശ്രമിച്ചുവരികയാണ്. വിവിധ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി വിദഗ്ദ്ധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പെർഫോർമൻസ് കോൺട്രാക്ട് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നതിനും, അതിൽ വീഴ്ച വരാതെ നോക്കേണ്ട സാധ്യതയും വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രവർത്തന കരാറിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്നുറപ്പു വരുത്തുന്നതിനായി കമ്പനികളിൽ പെർഫോർമൻസ് ആഡിറ്റ് നടത്തുന്നതിനായി റിയാസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും വിശകലനം നടത്തിവരുന്നുണ്ട്. ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനം ലഭ്യമാക്കാൻ സാധിക്കാതെ പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയുള്ള വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ലാഭസാധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനം സ്വരൂപിക്കുന്നതിനുവേണ്ടി 240 കോടി രൂപ അടിസ്ഥാനമുള്ള കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ചു. ഇതിൽ 180 കോടി രൂപ ബോണ്ടുകളുടെ വില്പന വഴിയും 60 കോടി രൂപ സർക്കാർ വിഹിതമായുമാണ് കണക്കാക്കിയിരുന്നത്. ജനുവരി 2000-ൽ ബോണ്ടുകളുടെ വില്പന വഴി 180 കോടി രൂപ സമാഹരിക്കുകയും സർക്കാർ വിഹിതമായി ഇതിനോടകം 45 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്കാണ് വായ്പ അനുവദിക്കുന്നത്. കമ്പനികളിൽ നിന്നും തിരിച്ചടവിനത്തിൽ ലഭിക്കുന്ന തുകയും കൂടി കമ്പനികൾക്ക് വായ്പയായി വീണ്ടും അനുവദിക്കുന്നുണ്ട്. 14-2-2001-ലെ സ്റ്റേറ്റ്മെന്റ് പ്രകാരം 268.86 കോടി രൂപ KIRF-ൽ നിന്നും കമ്പനികൾക്ക് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly